പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .2049

12.02.2013-ൽ മറുപടിക്ക്

# എറണാകുളം ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസം

**ചോദ്യം**

**ശ്രീ. എസ്. ശർമ്മ**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് എറണാകുളം ജില്ലയിൽ ഏതെല്ലാം സഹകരണ ബാങ്കുകൾക്കായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ.ബാബു**

**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)**

കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത 1-ാമത്തെ ലിസ്റ്റിൽ ഉൾപ്പെട്ടതും എറണാകുളം ജില്ലയിലെ സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്ത് കുടിശ്ശികയായിട്ടുള്ളതുമായ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 2010-11 സാമ്പത്തിക വർഷം 33,84,46,484/- രൂപ സഹകരണ വകുപ്പിന് അനുവദിച്ചു നൽകിയിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ച 2-ാമത്തെ ലിസ്റ്റിൽ 25 സഹകരണബാങ്കുകളിലായി 92 ഗുണഭോക്താക്കളും, 3-ാമത്തെ ലിസ്റ്റിൽ 41 ബാങ്കുകളിലായി 263 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റുകളിന്മേൽ ഫിഷറീസ്/സഹകരണ ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തിവരികയാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി ഗുണഭോക്താക്കൾക്ക് കടാശ്വാസം നൽകുന്നതിനാവശ്യമായ തുക അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ